LAB 17-06-18 Vol. II

പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1800 — 08.06.2018 ൽ മറുപടിയ്ക്ക്

## ലാസ്റ്റ് ഗ്രേഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ഡോ. കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| എ) പഞ്ചായത്തുവകുപ്പിൽ ജോലി ചെയ്യുന്ന പി.റ്റി.എസ്, ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ (ബൈ ട്രാൻസ്ഫർ അപ്പോയിന്റ്മെൻറ്) നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഇല്ലെങ്കിൽ പ്രമോഷൻ ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിന്നും നൽകിയ അപേക്ഷകളിൽ തീർപ്പ് കല്പിക്കാത്തതെന്തുകൊണ്ടെന്നും വ്യക്തമാക്കാമോ? | (എ) യും (ബി) യും | വിവിധ വകുപ്പിൽ ഫുൾടൈം സ്വീപ്പർ പ്രൊമോഷനു വേണ്ടി ഓപ്ഷൻ കൊടുത്തിട്ടുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റുകൾ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നും ഫുൾടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നുണ്ട്. എൽ.ഡി.ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിന് 03.01.2014 തീയതിയിൽ സ.ഉ(പി)നം.1/2014/ഉഭപവ നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ 23.12.2014 ലെ 59989/ഇപിഎ 1/14/തസ്വഭവ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെ കൂടി ടി ലിസ്റ്റിൽ ഉൾപ്പെടുത്തി സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗകയറ്റം നൽകിയിരുന്നു. ആയതിനെതിരെ മുക്കം ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റൻഡന്റ് ശ്രീ.സൂരജ്.സി.റ്റി. ഫയൽ ചെയ്ത ഓ.എ.367/15 നമ്പർ കേസിലെ ഉത്തരവ് പാലിച്ചുകൊണ്ട് കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് റൂളിലോ, കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിലോ ഉൾപ്പെടാത്തതിനാൽ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ പ്രസ്തുത തസ്തിക മാറ്റത്തിൽ നിന്നും ഒഴിവാക്കി സ.ഉ.(സാധാ) |

നം.49/2017/തസ്വഭവ, തീയതി 07.01.2017 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അന്യായം ഫയൽ ചെയ്യുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സമാനമായ കേസുകൾ ഒന്നായി പരിഗണിച്ച് 02.06.2017 ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ ഉത്തരവിൽ 07.01.2017 ലെ സ.ഉ.(സാധാ)നം 49/2017/തസ്വഭവ ഉത്തരവ് റദ്ദ് ചെയ്യുകയും പരാതിക്കാരേയും ഉത്തരവ് ബാധിക്കുന്നവരെയും നേരിൽ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യം നിലവിൽ സർക്കാർ പരിശോധനയിലായതിനാൽ പഞ്ചായത്ത് വകുപ്പിലെ തസ്തിക മാറ്റ നിയമനം താൽക്കാലികമായി തടസ്സപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**